**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊല്ലം കരീപ്ര ഗ്രാമപഞ്ചായത്തിലെ നെടുമൺകാവ് വാർഡിലെ 40 വർഷത്തിലേറെ പഴക്കമുള്ളതും ഉപയോഗ യോഗ്യമല്ലാത്തതുമായ 13 കടമുറികൾ പൊളിച്ച് മാറ്റുന്നതിന് കരീപ്ര ഗ്രാമപഞ്ചായത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1759/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 14.08.2019.

പരാമർശം :-1) GO(P) 102/2017/Fin dated 7.8.2017.

2) കരീപ്ര ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 29.01.2019 -ലെ 19(1)-ാം നമ്പർ തീരുമാനം.

3) പഞ്ചായത്ത് ഡയറക്ടറുടെ 02.04.2019 -ലെ PAN/3426/2019-C2(DP) നമ്പർ കത്ത്.

4) കരീപ്ര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 02.08.2019 -ലെ C2-1361/19 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിലെ നെടുമൺകാവ് വാർഡിലെ 40 വർഷത്തിലേറെ പഴക്കമുള്ളതും ഉപയോഗ യോഗ്യമല്ലാത്തതുമായ സർവ്വേ നമ്പർ 544/25 ൽപ്പെട്ട 05.30 ആർ വസ്തുവിലും 544/1-ൽപ്പെട്ട 12.80 ആർ വസ്തുവിലും സ്ഥിതിചെയ്യുന്ന KP XII/222 മുതൽ 230 വരെ , XII/232 മുതൽ XII/233 വരെ, KPXII/489, KPXII/687 എന്നീ നമ്പറുകളിലുള്ള 13 കടമുറികൾ പൊളിച്ച് മാറ്റുന്നതിന് കരീപ്ര ഗ്രാമപഞ്ചായത്ത് പരാമർശം (2) പ്രകാരം തീരുമാനമെടുക്കുകയും സർക്കാർ അനുമതിയ്ക്കായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2) എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ അൺഫിറ്റ് സർട്ടിഫിക്കറ്റും കെട്ടിടങ്ങൾക്ക് നാല്പതു വർഷത്തിലേറെ പഴക്കമുണ്ടെന്ന് കാണിക്കുന്ന ഏജ് സർട്ടിഫിക്കറ്റും പി.ഡബ്ലിയു. ഡി. യുടെ സർവ്വേ റിപ്പോർട്ടും ഹാജരാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരീപ്ര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ വെളിച്ചത്തിൽ കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിലെ നെടുമൺകാവ് വാർഡിലെ 40 വർഷത്തിലേറെ പഴക്കമുള്ളതും ഉപയോഗ യോഗ്യമല്ലാത്തതുമായ സർവ്വേ നമ്പർ 544/25 പ്പെട്ട 05.30 ആർ വസ്തുവിലും 544/1-ൽപ്പെട്ട 12.80 ആർ വസ്തുവിലും സ്ഥിതിചെയ്യുന്ന KP XII/222 മുതൽ 230 വരെ , XII/232 മുതൽ XII/233 വരെ, KPXII/489, KPXII/687 എന്നീ നമ്പറുകളിലുള്ള 13 കടമുറികൾ പൊളിച്ച് മാറ്റുന്നതിന് കരീപ്ര ഗ്രാമപഞ്ചായത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**മദീന ബീഗം. എ**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കൊല്ലം.
സെക്രട്ടറി, കരീപ്ര ഗ്രാമപഞ്ചായത്ത്,കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ